## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 192 — 04.10.2016 -ൽ മറുപടിക്ക്

### പ്രസാദ് സ്കീം

**ചോദ്യം**

ശ്രീ. കെ. മുരളീധരൻ
ശ്രീ. വി.എസ്. ശിവകുമാർ
ശ്രീ. വി.ഡി. സതീശൻ
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

**ഉത്തരം**

ശ്രീ. എ.സി. മൊയ്തീൻ
(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

എ) കേന്ദ്രസർക്കാരിന്റെ ' പ്രസാദ് ' സ്കീമിൽ ഉൾപ്പെടുത്തി ശബരിമല വികസനത്തിന് ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് മുൻ സർക്കാർ കേന്ദ്രസർക്കാരിന് നിവേദനം നൽകിയിരുന്നോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

എ) കേന്ദ്ര സർക്കാർ 2015-16 സാമ്പത്തിക വർഷം സമാരംഭിച്ച പദ്ധതിയായ 'പ്രസാദ് 'സ്കീമിൽ ടൂറിസം വകുപ്പ് കേരളത്തിലെ താഴെ പറയുന്ന 5 തീർത്ഥാടനകേന്ദ്രങ്ങളുടെ വികസന ത്തിനായുള്ള ആശയം ഉൾപ്പെടുത്തി ഒരു പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

1. പത്മനാഭസ്വാമിക്ഷേത്രം
2. ശബരിമല ശ്രീ അയ്യപ്പ ക്ഷേത്രം
3. മലയാറ്റൂർ ചർച്ച്
4. കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ്.
5 ആറ്റുകാൽ ദേവി ക്ഷേത്രം

2015-16 സാമ്പത്തിക വർഷം ടി പദ്ധതികൾ ഒന്നും തന്നെ അനുവദിച്ചു കിട്ടിയിട്ടില്ല.

എന്നാൽ കേന്ദ്ര സർക്കാരിന്റെ മറ്റൊരു സ്കീമായ 'സ്വദേശി ദർശൻ' സ്കീമിൽ ഉൾപ്പെടുത്തി ശബരിമല ഉൾപ്പെടെ താഴെ പറയുന്ന പദ്ധതി കൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

1. സ്പിരിച്വൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി ശബരിമല-എരുമേലി-പമ്പ-സന്നിധാനം എന്നിവയുടെ വികസനം.

2. സ്പിരിച്വൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി ശ്രീ പത്മനാഭ– ആറന്മുള - ശബരിമല ക്ഷേത്ര വികസനം.

ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

ബി) ഇന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളുടെ വികസനത്തിനായുള്ള 'പ്രസാദ്' സ്കീമിൽ ഈ വർഷം 8 കേന്ദ്രങ്ങൾ അനുവദിച്ചതിൽ കേരള ത്തിൽ നിന്നും തിരഞ്ഞെടുത്ത ഏക കേന്ദ്രമായി ഗുരുവായൂരിനെ ഉൾപ്പെടുത്തി യിട്ടുണ്ട്. ശബരിമല 'പ്രസാദ്' സ്കീമിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

Anuradha

സെക്ഷൻ ഓഫീസർ